# വിവേകാനന്ദ


## എഡ്യൂക്കേഷണൽ & കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ്


പി.ഒ. പേരാമ്പ്ര, കൊടകര, ഫോൺ : 9447816868 (രജി. നമ്പർ. 91/4/94)

E-mail : vivekanandatrustperambra@gmail.com

Website : www.vivekanandatrustkodakara.com

YouTube www.youtube.com/c/veacct

# വാർഷിക റിപ്പോർട്ട്

## 2020–2021

# സ്മരണാഞ്ജലി



ഉദിച്ചുയർന്നു മണിദീപം
വിണ്ണിൽ വെളിച്ചമേകാനായ്
മണ്ണിൽ കർമ്മം കാത്തീടാൻ
ഹൃദയപഥങ്ങൾക്കകമലർ നീ!

## സ്വർഗീയ
## ടി. എം. കൃഷ്ണൻകുട്ടി

വൈസ്ചെയർമാൻ, വിവേകാനന്ദട്രസ്റ്റ്, കൊടകര

(22 – 09 – 2021)

### സ്നേഹാർദ്രമായ ഇളംസ്പർശത്തിന്റെ
### സന്നിഗ്ദസ്മരണകൾക്ക് മുമ്പിൽ സൂര്യകോടി പ്രണാമം







വിദ്യാനികേതൻ ദക്ഷിണക്ഷേത്രീയ ഖജാൻജി
സ്വർഗീയ
സി എച്ച് ബാലകൃഷ്ണൻ

തുമ്പൂർ ഹരിശ്രീ വിദ്യാനികേതനിലെ
യുകെജി വിദ്യാർത്ഥിനി സ്വർഗീയ
ഇതൾ ശ്രീജിത്ത്

# വാർഷിക പൊതുയോഗ ക്ഷണപത്രിക

ധന്യാത്മൻ,

വിവേകാനന്ദ ട്രസ്റ്റിന്റെ പ്രവർത്തനം 27 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുവാനും വരുന്ന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനും വേണ്ടി ട്രസ്റ്റിന്റെ ഇരുപത്തിയേഴാം വാർഷിക പൊതുയോഗം **2022 മാർച്ച് 12-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ** വച്ച് കൂടുവാൻ നിശ്ചയിച്ചിരിക്കുകയാണ്.

ഈ യോഗത്തിലേക്ക് ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ അകമഴിഞ്ഞ് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള എല്ലാ അംഗങ്ങളേയും സ്നേഹാദരപൂർവ്വം ക്ഷണിക്കുന്നു. കൃത്യസമയത്തുതന്നെ എല്ലാവരും എത്തിച്ചേർന്ന് ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന് ട്രസ്റ്റ് ഭരണസമിതിക്കുവേണ്ടി,

| | | |
|---|---|---|
| കൊടകര, | ചെയർമാൻ | സെക്രട്ടറി |
| 05-02-2022 | എൻ.പി.മുരളി | ടി.സി.സേതുമാധവൻ |

## കാര്യപരിപാടി

| | | |
|---|---|---|
| ദീപപ്രജ്വാലനം | - | **ഡോ. ഡി പ്രഭാകരൻ നായർ**, വൈസ് ചെയർമാൻ |
| പ്രാർത്ഥന | | |
| സ്വാഗതം | - | **ശ്രീ വി വി രാജേഷ്**, ജോയന്റ് സെക്രട്ടറി |
| അനുശോചനം | - | **ശ്രീ. എം കൃഷ്ണകുമാർ**, ഡയറക്ടർ |
| മിനുട്സ് പാസാക്കൽ | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| പ്രവർത്തന വൃത്തം | - | **ശ്രീ. ടി.സി.സേതുമാധവൻ**, സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | - | **ശ്രീ. എൻ.പി.മുരളി**, ചെയർമാൻ |
| 2020-2021 ലെ കണക്കുകൾ പാസ്സാക്കൽ | - | **ശ്രീ. കെ.എസ്.സുഗേഷ്**, ട്രഷറർ |
| ചർച്ച - ഭാവി പ്രവർത്തനങ്ങൾ | - | **ശ്രീ. എം.വേണുമാസ്റ്റർ**<br>ഭാവിനി സംസ്ഥാന ഖജാൻജി |
| പ്രമേയാവതരണം | - | **ശ്രീ. എൻ.പി.ശിവൻ**, എക്സിക്യൂട്ടീവ് ഡയറക്ടർ |
| അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ | - | |
| കൃതജ്ഞത | - | **ശ്രീ. തിലകൻ അയ്യഞ്ചിറ**, ജോയന്റ് സെക്രട്ടറി |

**കുറിപ്പ്:-**

1. ട്രസ്റ്റുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ 2022 മാർച്ച് 5-ാം തിയ്യതിക്കുമുമ്പായി ട്രസ്റ്റോഫീസിൽ വിവരം എഴുതി നൽകേണ്ടതാണ്.
2. ട്രസ്റ്റിനുകീഴിലുള്ള വിദ്യാലയങ്ങളിൽ അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ വിജയദശമി ദിവസം മുതൽ ആരംഭിച്ചിരിക്കുന്നു. മെമ്പർമാരുടെ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ ചേർക്കുവാൻ അതാത് വിദ്യാലയവുമായി ബന്ധപ്പെടുക.
3. ട്രസ്റ്റ് മെമ്പർമാരുടെ അഡ്രസ്സിലോ മറ്റോ വരുന്ന മാറ്റങ്ങൾ ഇമെയിൽ മുഖേനെയോ 9447816868 എന്ന നമ്പറിലേക്ക് എസ്എംഎസ് ആയോ വാട്സ്ആപ് ആയോ അറിയിക്കണമെന്ന് അപേക്ഷ.
4. പൊതുയോഗത്തിന് വരുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വരണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 2021 ജനുവരി 30-ാം തിയ്യതി നടന്ന വാർഷിക പൊതുയോഗത്തിന്റെ സംക്ഷിപ്ത റിപ്പോർട്ട്

വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ 26-ാം വാർഷിക പൊതുയോഗം 2021 ജനുവരി 30-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 3 മണിക്ക് പേരാമ്പ്ര സരസ്വതി വിദ്യാനികേതൻ സ്കൂളിൽ വച്ച് കൂടുകയുണ്ടായി. ബഹു. ട്രസ്റ്റ് ചെയർമാൻ ശ്രീ.എൻ.പി.മുരളി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് വൈസ് ചെയർമാൻ ശ്രീ ടി എം കൃഷ്ണൻകുട്ടി അവർകൾ ദീപപ്രജ്വാലനം നടത്തി. ഈശ്വര പ്രാർത്ഥനക്കുശേഷം ജോയന്റ് സെക്രട്ടറി ശ്രീ തിലകൻ അയ്യഞ്ചിറ അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. തുടർന്ന് കഴിഞ്ഞ വർഷം നമ്മെ വിട്ടുപിരിഞ്ഞ ട്രസ്റ്റ് മെമ്പർമാരായ എം ഐ ഗംഗാധരൻ മാലിപറമ്പ് വീട്, പാലാഴി, ബാലൻ പുഴക്കടവിൽ, അയ്യന്തോൾ, ഡോ.സത്യനാരായണൻ, കണ്ണംമ്പുഴവാര്യം, ചാലക്കുടി, കൂടാതെ സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ, രാജനൈതിക രംഗങ്ങളിലെ നമ്മെ വിട്ടുപിരിഞ്ഞവർ, ലോകമാസകലം ദുരിതം വിതച്ച കോവിഡ് മഹാമാരിയിൽ ജീവൻ നഷ്ടപ്പെട്ടവർ, നാടിന്റെ രക്ഷയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചവർ, ഈ പുണ്യാത്മാക്കളെ സ്മരിച്ചുകൊണ്ട് ഡയറക്ടർ ശ്രീ.എം.കൃഷ്ണകുമാർ അവർകൾ അനുശോചനം രേഖപ്പെടുത്തി. അതിനുശേഷം ഒരു മിനിട്ട് മൗനം ആചരിച്ചു. ശേഷം ശാന്തിമന്ത്രം ചൊല്ലി.

മുൻയോഗ മിനുട്സ് സെക്രട്ടറി ശ്രീ.ടി.സി.സേതുമാധവൻ അവർകൾ അവതരിപ്പിച്ചു. അത് ഓങ്കാരത്തോടെ പാസാക്കി. തുടർന്ന് 2019-2020 ലെ പ്രവർത്തന വൃത്തവും അവതരിപ്പിച്ചു. ലോകം മുഴുവൻ കോവിഡ് മഹാമാരിയിൽ വിറങ്ങലിച്ച് നിൽക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നതെന്നും പ്രകൃതിക്ക് അനുഗുണമായി ജീവിക്കുക എന്നതാണ് നമുക്ക് ചെയ്യാനുള്ളതെന്നും ഈ മഹാമാരി കാലഘട്ടത്തിലും ട്രസ്റ്റിന്റെ പ്രവർത്തനം വലിയ പ്രശ്നങ്ങളില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചുവെന്നും അദ്ധ്യക്ഷ പ്രസംഗം നടത്തിയ ട്രസ്റ്റ് ചെയർമാൻ ശ്രീ.എൻ.പി.മുരളി അവർകൾ പറഞ്ഞു. 2019-20 ലെ കണക്കുകൾ ട്രഷറർ ശ്രീ.കെ.എസ്. സുരേഷ് അവർകൾ അവതരിപ്പിച്ചു. സോളാർ പാനൽ വിദ്യാലയങ്ങളിൽ ഇൻസ്റ്റാൾ ചെയ്താൽ ഇപ്പോഴുള്ള കറന്റ് ചാർജ്ജ് കുറച്ചുകൊണ്ടുവരാനാകുമെന്നും 12 ലക്ഷത്തിലധികം തുകയുടെ ഫീസ് ഇളവ് നൽകിയത് നല്ല കാര്യമാണെന്നും യോഗത്തിൽ വിലയിരുത്തി. കണക്കുകൾ ഓങ്കാരത്തോടെ പാസാക്കി.

ചർച്ചകൾക്ക് ഭാരതീയ വിദ്യാനികേതൻ സംസ്ഥാന ട്രഷറർ ശ്രീ എം.വേണുമാസ്റ്റർ നേതൃത്വം നൽകി. ട്രസ്റ്റിന്റെ പ്രവർത്തനം കാലഘട്ടത്തിനനുസരിച്ച് മാറണമെന്നും സാമ്പത്തിക രംഗത്ത് എന്തെങ്കിലും തരത്തിലുള്ള സംരംഭങ്ങൾക്ക് ട്രസ്റ്റ് തുടക്കം കുറിക്കണമെന്നും ചർച്ചകൾക്ക് നേതൃത്വം കൊടുത്ത വേണുമാസ്റ്റർ പറഞ്ഞു. കേന്ദ്രസർക്കാർ അനുവദിച്ച അടൽ ടിങ്കറിംഗ് ലാബിന്റെ ഉദ്ദേശ്യങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് സരസ്വതി സ്കൂൾ മാനേജർ ശ്രീ ടി കെ സതീഷ് അവർകൾ യോഗത്തിൽ വിശദീകരിച്ചു. അയോധ്യയിൽ നടക്കാൻ പോകുന്ന ശ്രീരാമക്ഷേത്ര നിർമ്മാണത്തെ സംബന്ധിച്ച് ഡയറക്ടർ ശ്രീ.എം.കൃഷ്ണകുമാർ അവർകൾ വിശദീകരിച്ചു. അയോധ്യ ക്ഷേത്ര നിർമ്മാണ ഫണ്ടിലേക്ക് ട്രസ്റ്റിന്റെ വിഹിതമായി 10,000 രൂപ കൊടുക്കുവാനും യോഗത്തിൽ തീരുമാനിച്ചു.

കടുവ സംരക്ഷണം, പക്ഷിസംരക്ഷണം തുടങ്ങി വന്യജീവികൾക്കും വളർത്തുനായ ഉൾപ്പെടെയുള്ള വീട്ടുമൃഗങ്ങൾക്കും സംരക്ഷണം നൽകാൻ നിയമമുള്ള ഈ കാലഘട്ടത്തിൽ നാടൻ പശുക്കളെയും കാളകളെയും പരസ്യമായി അറക്കുന്നത് നിയമം മൂലം നിരോധിക്കണമെന്നും നാടൻ പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സമഗ്രമായ പദ്ധതി ആവിഷ്ക്കരിക്കാൻ കേരള സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടും എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ എൻ പി ശിവൻ അവർകൾ അവതരിപ്പിച്ച പ്രമേയം ശ്രീ വി കെ രാംദാസ് അവർകൾ പിന്താങ്ങി. പ്രമേയം ഓങ്കാരത്തോടെ പാസാക്കി. ട്രസ്റ്റ് ജോയന്റ് സെക്രട്ടറി ശ്രീ.വി വി രാജേഷ് അവർകൾ യോഗത്തിൽ പങ്കെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് മംഗളശ്ലോകത്തോടെ യോഗം പര്യവസാനിച്ചു.

എന്ന്, സ്നേഹത്തോടെ,

ചെയർമാൻ
എൻ.പി.മുരളി

സെക്രട്ടറി
ടി.സി.സേതുമാധവൻ

## പ്രവർത്തന വൃത്തം

സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ 1994 ൽ പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിലെ മഠാധിപതിയായിരുന്ന സംപൂജ്യ മൃഡാനന്ദ സ്വാമികളുടെ പവിത്ര കരങ്ങളാൽ ആരംഭിച്ച വിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ് അതിന്റെ പ്രവർത്തനം 27 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. ഒരു സിബിഎസ്ഇ സീനിയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും ഒരു ഹയർ സെക്കണ്ടറി അഫിലിയേറ്റഡ് വിദ്യാലയവും രണ്ട് എൻഐഒഎസ് അഫിലിയേറ്റഡ് വിദ്യാലയവും ഒരു എയ്ഡഡ് യു.പി. വിദ്യാലയവും ഒരു ഹോസ്റ്റലും അടക്കം ആറ് സ്ഥാപനങ്ങൾ ഇപ്പോൾ ട്രസ്റ്റിന് കീഴിലായി പ്രവർത്തിക്കുന്നുണ്ട്. ട്രസ്റ്റിലെ വിദ്യാലയങ്ങളിലായി ഇപ്പോൾ 2860 വിദ്യാർത്ഥികളും 220 അധ്യാപക - അനധ്യാപകരും ഉണ്ട്. വിവിധ സ്ഥാപനങ്ങളിലായി സ്വന്തമായ 40 വാഹനങ്ങളും 1460 സെന്റ് സ്ഥലവും ട്രസ്റ്റിന് സ്വന്തമായിട്ടുണ്ട്.

ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും അവലോകനം ചെയ്യുവാനുമായി 6 ഡയറക്ടർ ബോർഡ് യോഗങ്ങളും, 9 എക്സിക്യൂട്ടീവ് ഡയറക്ടർ ബോർഡ് യോഗങ്ങളും, 7 പ്രിൻസിപ്പാൾ - മാനേജർമാരുടെ യോഗങ്ങളും നടത്തുകയുണ്ടായി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇതിൽ 7 യോഗങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തിയത്. ട്രസ്റ്റിന് ഇപ്പോൾ ആകെ 675 മെമ്പർമാരാണുള്ളത്.

ട്രസ്റ്റിനെ സംബന്ധിച്ചിടത്തോളം ഈ വർഷം തീരാനഷ്ടമാണ്. ട്രസ്റ്റിന്റെ ആരംഭകാലം മുതൽ പ്രവർത്തിക്കുകയും ട്രസ്റ്റിന്റെ ഓരോ വളർച്ചയിലും തന്റെ പങ്ക് കൃത്യമായി അനുഷ്ഠിക്കുകയും ചെയ്തിരുന്ന വൈസ് ചെയർമാൻ ശ്രീ ടി എം കൃഷ്ണൻകുട്ടി അവർകൾ 2021 സെപ്തംബർ 22 ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. അന്നേദിവസം വൈകുന്നേരം 5 മണിക്ക് കണ്ടംകുളങ്ങര പാർത്ഥസാരഥി ഭജനമണ്ഡപത്തിൽ വച്ച് കൊടകരയിലെ പ്രൗഢപ്രമുഖന്മാരുടെ സാന്നിധ്യത്തിൽ കോവിഡ് മാനദണ്ഡങ്ങളോടെ ഒരു അനുസ്മരണയോഗം സംഘടിപ്പിച്ചു. ഈ കുടുബത്തിലെ മൂത്ത ജ്യേഷ്ഠനെപോലെ തെറ്റുകളിൽ ശകാരിക്കാനും, സന്തോഷങ്ങളിൽ പങ്കുചേരാനും, എല്ലാ കാര്യങ്ങളിലും ഉത്സാഹത്തോടെ പ്രവർത്തിക്കാനും കാര്യക്ഷമത കാട്ടിയിരുന്ന അദ്ദേഹം ഇന്ന് മങ്ങാത്ത, മറയാത്ത ഓർമയായി നമ്മുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. അദ്ദേഹത്തിന്റെ ആ ചിരിയും ശബ്ദവും ഇവിടെ എവിടെയോ ഉണ്ട് എന്ന ഉറച്ച വിശ്വാസത്തോടെ വിവേകാനന്ദ കുടുംബം അങ്ങേക്ക് സൂര്യകോടി പ്രണാമം അർപ്പിക്കുന്നു.

യോഗയുടെ മൂല്യങ്ങൾ ഗവേഷണ പഠന വിഷയമാക്കിയ ട്രസ്റ്റിന്റെ സ്ഥാപക ഡയറക്ടർമാരിൽ ഒരാളായിരുന്ന ശ്രീ എ രാധാകൃഷ്ണൻ അവർകൾക്ക് അണ്ണാമലൈ സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു എന്നത് ഏറെ അഭിമാനകരമാണ്.

2021 ജൂൺ 1 ന് ട്രസ്റ്റിലെ മുഴുവൻ അധ്യാപകർക്കും വേണ്ടി റിട്ട.ഐഎഎസും ഇപ്പോഴത്തെ ഇന്ത്യൻ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയത്തിലെ സെൻട്രൽ അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡിന്റെ ഏകാംഗ കമ്മീഷനുമായ ഡോ.ആനന്ദബോസ് അവർകളുടെ ക്ലാസ് നടത്തി. പുതിയ വിദ്യാഭ്യാസ നയത്തെക്കുറിച്ചും അദ്ദേഹം വിവരിച്ചു. ഭാരതീയതയിൽ ഊന്നിയ വിദ്യാഭ്യാസ നയമാണ് വരാൻ പോകുന്നത് എന്ന് അദ്ദേഹം പറഞ്ഞു. അധ്യാപകരുടെ സംശയങ്ങൾക്ക് അദ്ദേഹം മറുപടി നൽകി. ഓൺലൈൻ സംവിധാനത്തിലൂടെ നടന്ന പരിപാടിയിൽ 148 പേരാണ് പങ്കെടുത്തത്. 2021 ജൂൺ 19 ന് ട്രസ്റ്റിലെ സ്റ്റാഫുകൾക്കുവേണ്ടി ഇഎസ്ഐ, പിഎഫ് എന്നിവയെ സംബന്ധിച്ച ഒരു ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഇ എസ് ഐ സെൻട്രൽ ബോർഡ് മെമ്പറും ബിഎംഎസ് ദേശീയ സെക്രട്ടറിയുമായ ശ്രീ വി രാധാകൃഷ്ണൻ അവർകൾ ക്ലാസ് എടുക്കുകയും സ്റ്റാഫുകളുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. ഓൺലൈനിലൂടെ നടത്തിയ പരിപാടിയിൽ 141 പേരാണ് പങ്കെടുത്തത്.

കോവിഡ് മഹാമാരിയുടെ അതിതീവ്ര വ്യാപനം സമൂഹത്തെ ഒന്നാകെ ദുരിതത്തിലാഴ്ത്തിയപ്പോൾ സമൂഹത്തോടുള്ള പ്രതിബദ്ധത കണക്കിലെടുത്ത് സമൂഹത്തിന് ഒരു കൈത്താങ്ങായി ട്രസ്റ്റ് ഒരു ഹെൽപ് ഡെസ്ക് രൂപീകരിച്ചു. കൂടാതെ ട്രസ്റ്റിലെ വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ 5 പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് 5 ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുകയും ഹെൽപ് ഡെസ്കുകൾ വഴി കോവിഡ് രോഗികൾക്ക് രക്തദാനം, ആഹാരം, മരുന്ന്, വാഹന സൗകര്യം, കൗൺസലിംഗ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

ട്രസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ഇതുവരെ സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരേയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഭാവിയിലെ പ്രവർത്തനങ്ങൾക്കും ഏവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാകുമെന്ന വിശ്വാസത്തോടെ ഈ റിപ്പോർട്ട് നിങ്ങളുടെ സമക്ഷം സാദരം സമർപ്പിക്കുന്നു.

എന്ന്, സ്നേഹത്തോടെ,

ചെയർമാൻ
എൻ.പി.മുരളി

സെക്രട്ടറി
ടി.സി.സേതുമാധവൻ

## സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, കൊടകര

ഫോൺ 9048383804

**Email: saraswathycbse179@gmail.com ;**
**Website: www.saraswathycbsekodakara.com**

പുതിയ തലമുറയുടെ മാനസിക നിലയിൽ വന്ന മാറ്റത്തെ ഗൗരവമായി കണക്കിലെടുത്ത് ബഹുമുഖ സോപാനങ്ങളിലൂടെ പഞ്ചാംഗശിക്ഷണത്തിന്റെ ചിത്തശുദ്ധിയും ആത്മശുദ്ധിയും നൽകിക്കൊണ്ട് കർത്തവ്യബോധത്തിലൂടെ സമഭാവന ഉണർത്തി പ്രകൃതിയോടിണങ്ങി ജീവിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സരസ്വതി വിദ്യാലയം കൊടകര വിവേകാനന്ദ ട്രസ്റ്റിന്റെ മാതൃസ്ഥാപനമാണ്. വിദ്യാർത്ഥികളുടെ സമഗ്രമായ വികാസവും ഉറപ്പാർന്ന ജീവിതശൈലിയും പ്രദാനം ചെയ്യുന്ന ഈ സരസ്വതീ ക്ഷേത്രം പ്രകൃതിരമണീയമായ ക്യാമ്പസ്സിൽ നിലകൊള്ളുന്നു. **ISO 9001-2015** അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയത്തിൽ 1096 വിദ്യാർത്ഥികൾ അധ്യയനം നടത്തിവരുന്നു. ഈ വർഷം 165 വിദ്യാർത്ഥികൾ വിദ്യാലയത്തിലേക്ക് പുതിയതായി വന്നുചേർന്നു. കഴിഞ്ഞ സി.ബി.എസ്.ഇ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ വിദ്യാലയം 100% വിജയം കൈവരിച്ചു. പ്ലസ് ടു പരീക്ഷയിൽ 59 പേർ ഡിസ്റ്റിംഗ്ഷൻ നേടിയപ്പോൾ അതിൽ തന്നെ 22 വിദ്യാർത്ഥികൾക്ക് 90% ത്തിലധികം മാർക്ക് ലഭിക്കുകയുണ്ടായി. മുഴുവൻ വിദ്യാർത്ഥികൾക്കും 60% ത്തിലധികം മാർക്ക് ലഭിച്ചു. സയൻസ് വിഭാഗത്തിൽ 96.6% മാർക്ക് നേടി കുമാരി കെ ജെ ദേവനന്ദ, കൊമേഴ്സ് വിഭാഗത്തിൽ 96.4% മാർക്കോടെ മാസ്റ്റർ അശ്വിൻ സൂരജ്, ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 96% മാർക്കോടെ കുമാരി പി എസ് സങ്കീർത്തന എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പത്താം ക്ലാസ് പരീക്ഷയിൽ 11 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയത്തിലും **A1** ലഭിച്ചു. 64 വിദ്യാർത്ഥികൾക്ക് ഡിസ്റ്റിംഗ്ഷനും അതിൽ തന്നെ 30 വിദ്യാർത്ഥികൾക്ക് 90% ത്തിലധികം മാർക്കും ലഭിച്ചു. മാസ്റ്റർ ടി എം ആകാശ് 99% മാർക്കോടെ ഒന്നാം സ്ഥാനത്തെത്തി. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ട്രസ്റ്റ് ഭാരവാഹികളും സ്കൂൾ പ്രിൻസിപ്പാൾ മാനേജർ എന്നിവരും ചേർന്ന് അവരുടെ വീടുകളിൽ പോയി അഭിനന്ദിക്കുകയുണ്ടായി.

സമൂഹ മാധ്യമങ്ങളിൽ ഏറെ ചർച്ചാവിഷയമായ സ്ത്രീ- സുരക്ഷാ- നിയമ വിഷയങ്ങളെ ആസ്പദമാക്കിക്കൊണ്ടുള്ള ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി. പ്രശസ്ത ഹൈക്കോടതി അഭിഭാഷക അഡ്വ: സംഗീത വിശ്വനാഥ്, അഡ്വ: സുരേഷ്കുമാർ, വിദ്യാലയത്തിന്റെ കൗൺസലർ ശ്രീമതി സൗമ്യ സനീഷ് എന്നീ പ്രമുഖ വ്യക്തികൾ ക്ലാസുകൾ നയിക്കുകയുണ്ടായി. ഒമ്പതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള മുഴുവൻ വിദ്യാർത്ഥികളും സ്ത്രീധന സമ്പ്രദായത്തിനെതിരെയും സ്ത്രീസുരക്ഷക്കായും പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തു.

സാങ്കേതിക വിദ്യകളായ മൊബൈൽ, ഇന്റർനെറ്റ് തുടങ്ങിയവയുടെ അമിത ഉപയോഗത്തെക്കുറിച്ച് രക്ഷാകർത്താക്കൾക്കുള്ള ക്ലാസുകൾ തൃശ്ശൂർ റൂറൽ വനിതാസെൽ സബ്ഇൻസ്പെക്ടർ എം ഡി അന്ന നയിച്ചു. കേരള ഗവൺമെന്റും പൊലീസ് സേനയും ഒരുമിച്ച് നടത്തി വരുന്ന പെൺകുട്ടികളുടെ സുരക്ഷയെ മുൻനിർത്തിയുള്ള നിർഭയ ആപ്പ് വിദ്യാർത്ഥിനികൾക്ക് പരിചയപ്പെടുത്തി.

ശാസ്ത്ര വിഷയങ്ങളിൽ പ്രവർത്തന മികവ് കാണിക്കുന്ന വിദ്യാർത്ഥികൾക്കായി ഈ വർഷം അടൽ ടിങ്കറിംഗ് ലാബിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ ആയി നടത്തി. ഈ വർഷം 420 വിദ്യാർത്ഥികളാണ് കോവിഡ് മാനദണ്ഡങ്ങളോടെ വിദ്യാലയത്തിന്റെ സെന്ററിൽ വന്ന് നീറ്റ് പരീക്ഷ എഴുതിയത്. ഈ അധ്യയന വർഷത്തിൽ കൃത്യമായ സമയക്രമങ്ങളോടെ നടന്നുവരുന്ന വെർച്ച്വൽ ക്ലാസുകളിൽ പാഠ്യ പ്രവർത്തനങ്ങളോടൊപ്പം പഞ്ചാംഗ ശിക്ഷണത്തിനും പ്രാധാന്യം നൽകിവരുന്നു. രാവിലെ 9 മണിക്ക് സരസ്വതി വന്ദനത്തോടെ ആരംഭിച്ച് 3.30 ന് ദേശീയ ഗാനത്തോടെ അവസാനിക്കുന്ന ക്ലാസുകൾ കുട്ടികളെ ഒരു വിദ്യാലയ അന്തരീക്ഷത്തിലേക്ക് നയിച്ചു. കുട്ടികളിലെ നൈസർഗ്ഗികമായ കഴിവുകളെ വളർത്തിയെടുക്കാനും അധ്യാപക- രക്ഷാകർതൃ ബന്ധം ശക്തിപ്പെടുത്തുന്നതിനുമായി എല്ലാ ശനിയാഴ്ചകളിലും **Remedial class, Entertainment period, Parent-teacher interactions** എന്നിവ നടത്തി വരുന്നു.

സാംസ്ക്കാരിക ഉന്നമനം ലക്ഷ്യം വച്ച് വിദ്യാലയ പ്രവർത്തനങ്ങളെ ഗ്രാമങ്ങളിലേക്കെത്തിക്കുന്ന ഗ്രാമസമിതി പ്രവർത്തനങ്ങൾ വിപുലമായി നടത്തിവരുന്നു. ഗുരുപൂജ, രാമായണമാസാചരണം, ഓണാഘോഷം, മാതൃപൂജ, സംസ്കൃത വാരാചരണം, നവരാത്രി ആഘോഷങ്ങൾ തുടങ്ങി വിദ്യാനികേതൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാപരിപാടികളും സമയോചിതമായി നടത്തി. സ്വാമി ചിദാനന്ദപുരി, ശ്രീ ചന്ദ്രമോഹൻ കമ്പളങ്ങാട്, ശ്രീ ക ഭ സുരേന്ദ്രൻ, സ്വാമി ഉദിത് ചൈതന്യ തുടങ്ങിയ മഹത് വ്യക്തികളുടെ സാന്നിധ്യം ഓൺലൈനായി നടന്ന പരിപാടികളിൽ ഉണ്ടായിരുന്നു.

വിവിധ മേഖലകളിൽ വിദ്യാർത്ഥികളുടെ മികവ് തെളിയിക്കുന്ന ശാസ്ത്രമേള, കലാമേള, ഗണിതശാസ്ത്ര ദിനം, ഭക്ഷ്യമേള തുടങ്ങിയവ വിപുലമായ രീതിയിൽ നടത്തി. സ്കൂൾ കലോത്സവം പ്രശസ്ത പിന്നണി ഗായിക ശ്വേതാ

മോഹൻ ഉദ്ഘാടനം ചെയ്തു. ശാസ്ത്രമേളയുടെ ഉദ്ഘാടനം ശ്രീ ഷീൻ ആന്റണി, ഡോ.സാബു ടി എന്നിവർ ചേർന്ന് നിർവ്വഹിച്ചു. പരിപാടികൾ ഓൺലൈനിലൂടെയാണ് നടത്തിയത്.

കേരള ടെക്നിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം റാങ്ക് നേടിയ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ ശ്രീ എൻ എസ് രാമനാഥനെ അനുമോദിക്കുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾക്കായുള്ള പഠനോപകരണങ്ങൾ സൗജന്യമായി നൽകുകയുണ്ടായി.

**സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പേരാമ്പ്ര**

കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം കഴിഞ്ഞ ഒരു വർഷം ഹോസ്റ്റലിന്റെ പ്രവർത്തനം നടന്നിരുന്നില്ല. ഹോസ്റ്റലിലെ കുട്ടികൾ ഓൺലൈൻ ക്ലാസുകൾ പ്രയോജനപ്പെടുത്തിയാണ് അധ്യയനം നടത്തിയിരുന്നത്.

**മാനേജർ** — ടി.കെ.സതീഷ്

**പ്രിൻസിപ്പാൾ** — പി.ജി.ദിലീപ്

## ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര


ഫോൺ 9526757206, 9495849570

**Email:sreeramakrishna.srkvn@gmail.com;**

**Website: www.sreeramakrishnavidyanikethan.com**


സനാതന ധർമ്മസംഹിതയെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ പുതുതലമുറയിലേക്ക് പകർന്ന് നൽകുക എന്ന സദുദ്ദേശ്യത്തോടെ വിവേകാനന്ദ ട്രസ്റ്റിന്റെ രണ്ടാമത്തെ സ്ഥാപനമായി 1995 ൽ പ്രവർത്തനമാരംഭിച്ച ശ്രീരാമകൃഷ്ണ വിദ്യാനികേതൻ വിജയകരമായ ജൈത്രയാത്രയുടെ 26 വർഷക്കാലം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. 2021- 22 അധ്യയന വർഷത്തിൽ 1265 വിദ്യാർത്ഥികളും 107 അധ്യാപക - അനധ്യാപകരും വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു.

കോവിഡ് മഹാമാരിയുടെ അതിവ്യാപനത്തെ തുടർന്ന് 2020 - 21 അധ്യയന വർഷത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ മികച്ച രീതിയിൽ അധ്യയനം നടത്തുവാൻ സാധിച്ചു. മുൻവർഷങ്ങളിലെപോലെ തന്നെ വിദ്യാലയത്തിൽ നടന്നു വരാറുള്ള പഞ്ചാംഗശിക്ഷണം, പ്രവേശനോത്സവം, കലാമേള, ശാസ്ത്രമേള, രാമായണ മേള, സ്വാതന്ത്ര്യദിനം, ഓണാഘോഷം, മാതൃപൂജ, വിവിധ ജയന്തി ആഘോഷങ്ങൾ, എന്നിവയും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നല്ല രീതിയിൽ നടത്തുവാൻ സാധിച്ചു. ഈ പരിപാടികളിലെല്ലാം തന്നെ സമൂഹത്തിൽ വിവിധ രംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന വിശിഷ്ട വ്യക്തിത്വങ്ങളുടെ സന്ദേശം കുട്ടികൾക്ക് നൽകുവാൻ സാധിച്ചു.

പഠനത്തോടൊപ്പം കുട്ടികളിലെ കലാഭിരുചിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികളും ഓൺലൈൻ മാധ്യമങ്ങളിലൂടെ നടത്തുകയുണ്ടായി. 2021- 22 അധ്യയന വർഷത്തേക്കുള്ള കെജി അഡ്മിഷനും ഓൺലൈൻ വഴി കുട്ടികളെ പരിചയപ്പെട്ടുകൊണ്ടാണ് നടത്തിയത്. കളേഴ്സ് ഡേ, ഫ്രൂട്സ് ഡേ, ശിശുദിനം, ഓണാഘോഷം തുടങ്ങിയ പരിപാടികൾ കെജി വിഭാഗത്തിന് വേണ്ടി ഓൺലൈൻ വഴി നടത്തുകയുണ്ടായി.

**ശ്രീരാമകൃഷ്ണ കോവിഡ് സെൽ**

സമൂഹത്തിലെ കോവിഡ് ബാധിതരായവരെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ സമിതി അംഗങ്ങളെയും സ്റ്റാഫംഗങ്ങളെയും ഉൾപ്പെടുത്തി ശ്രീരാമകൃഷ്ണ കോവിഡ് സെല്ലിന് രൂപം കൊടുക്കുകയുണ്ടായി. ഭക്ഷണം, മരുന്ന്, ആശുപത്രി സൗകര്യം, ചികിത്സാ സഹായം എന്നിവയും മാനസിക സംഘർഷങ്ങൾ ഇല്ലാതാക്കുന്നതിന് കൗൺസലിംഗും ഇതിന്റെ നേതൃത്വത്തിൽ നൽകുകയുണ്ടായി.

**അടൽ ടിങ്കറിംഗ് ലാബ്**

വളർന്നു വരുന്ന കുട്ടികളിൽ ശാസ്ത്രാഭിരുചിയെ വളർത്തിയെടുക്കുന്നതിനായി കേന്ദ്രഗവൺമെന്റിന്റെ നിതി ആയോഗ് പദ്ധതി പ്രകാരം വിദ്യാലയത്തിന് അനുവദിച്ച് കിട്ടിയ അടൽ ടിങ്കറിംഗ് ലാബിന്റെ ഉദ്ഘാടനം വെർച്ച്വൽ പ്ലാറ്റ്ഫോമിലൂടെ മുൻ ഐഎസ്ആർഒ ചെയർമാൻ ഡോ ജി മാധവൻ നായർ അവർകൾ നിർവ്വഹിച്ചു.

എല്ലാ മാസവും രക്ഷിതാക്കളും കുട്ടികളുമായി നല്ല ബന്ധം നിലനിർത്തുക എന്ന ഉദ്ദേശ്യത്തോടെ Happy hour, Parent's meet എന്നിവ നടത്തിയിരുന്നു. കുട്ടികളുടെ സുഖവിവരങ്ങൾ നേരിട്ടറിയുന്നതിനായി അധ്യാപക - അനധ്യാപക - സമിതി അംഗങ്ങൾ ഗൃഹസമ്പർക്കം നടത്തി. 3 വയസുമുതൽ ഉള്ള സമൂഹത്തിലെ കൊച്ചുകൂട്ടുകാർക്കായി

ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ Little Champ 2021 എന്ന പരിപാടി നടത്തുകയുണ്ടായി. 65 ൽ പരം കുട്ടികൾ പങ്കെടുത്തു.

സിബിഎസ്ഇ **10**-ാം ക്ലാസ് പരീക്ഷയിൽ 100% വിജയം നേടി. 96 വിദ്യാർത്ഥികൾ പരീക്ഷയെഴുതിയതിൽ 99.5% മാർക്ക് നേടി എൻ നിരഞ്ജനകൃഷ്ണ സ്കൂളിൽ ഒന്നാമതെത്തി. 14 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും A1 നേടി. പരീക്ഷയെഴുതിയ 96 കുട്ടികളിൽ 74 പേർക്കും ഡിസ്റ്റിംഗ്ഷൻ ലഭിച്ചു. 23 പേർക്ക് 90% ന് മുകളിലും അതിലെ 12 പേർക്ക് 95% ന് മുകളിലും മാർക്ക് ലഭിച്ചു. വിദ്യാലയത്തിന് അഭിമാനമായി അക്കാദമിക് രംഗത്ത് ഉജ്ജ്വല വിജയം കരസ്ഥമാക്കി നമ്മുടെ പൂർവ്വ വിദ്യാർത്ഥികൾ. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എം എ പൊളിറ്റിക്കൽ സയൻസിൽ വന്ദനഗോപി രണ്ടാം റാങ്കും, സാങ്കേതിക സർവ്വകലാശാല പ്രൊഡക്ഷൻ എഞ്ചിനീയറിംഗിൽ കെ ടി മേഘശ്രീ മൂന്നാം റാങ്കും, എംജി യൂണിവേഴ്സിറ്റിയിൽ ബിഎസ്സി എൻവിരോൺമെന്റൽ സയൻസിൽ ഐശ്വര്യ പ്രകാശ് അഞ്ചാം റാങ്കും കരസ്ഥമാക്കി.

60 വയസ് പൂർത്തീകരിച്ച മാനേജർ ശ്രീ കെ വിജയൻ വിദ്യാലയത്തിൽ നിന്ന് വിരമിക്കുകയും പുതിയ മാനേജരായി ശ്രീ രാഗേഷ് സി ചുമതലയേല്ക്കുകയും ചെയ്തു.

കോവിഡ് എന്ന മഹാമാരിയുടെ പ്രതിസന്ധി മൂലം ഓൺലൈൻ സംവിധാനത്തിലൂടെയാണ് അധ്യയനം നടക്കുന്നത്. ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ എൽകെജി മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്കായി ക്ലാസുകൾ നടത്തി. വിദ്യാലയത്തിൽ നടത്തിവരാറുള്ള ശാസ്ത്രമേള, കലാമേള, രാമായണമേള, ജയന്തി ആഘോഷങ്ങൾ എന്നിവ വിശിഷ്ടവ്യക്തിത്വങ്ങളെ ഉൾപ്പെടുത്തികൊണ്ട് ഓൺലൈൻ സംവിധാനത്തിലൂടെ തന്നെ നടത്തി.

**മാനേജർ**
**രാഗേഷ് സി**

**പ്രിൻസിപ്പാൾ**
**കെ. ആർ. വിജയലക്ഷ്മി**

## വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, വരന്തരപ്പിള്ളി

**ഫോൺ 0480 2761605**
**Email:vvnvply@gmail.com**

സ്വാമി വിവേകാനന്ദന്റെ നാമധേയത്തിൽ വിവേകാനന്ദ ട്രസ്റ്റിനു കീഴിൽ പ്രവർത്തിക്കുന്ന വരന്തരപ്പിള്ളിയിലെ വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ രൂപീകൃതമായിട്ട് 18 വർഷം പിന്നിടുകയാണ്. എൻഐഒഎസ് അംഗീകാരത്തോടെ ശിശുവാടിക മുതൽ ഏഴാം ക്ലാസ് വരെയാണ് ഇവിടെ പ്രവർത്തിക്കുന്നത്. 9 ഡിവിഷനുകളിലായി 123 വിദ്യാർത്ഥികളും 13 അധ്യാപക - അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

കോവിഡ് മഹാമാരിയുടെ പ്രതിസന്ധി മൂലം കഴിഞ്ഞ അധ്യയനവർഷം ഓൺലൈൻ സംവിധാനത്തിലൂടെയാണ് അധ്യയനം നടത്തിയത്. ഗൂഗിൾ മീറ്റ്, വാട്സ്ആപ് എന്നീ മാധ്യമങ്ങൾ വഴിയാണ് ഓൺലൈൻ ക്ലാസുകൾ നടത്തിവരുന്നത്. ലോകപരിസ്ഥിതി ദിനം, വായനാദിനം, അന്താരാഷ്ട്ര യോഗാദിനം, ലോകസംഗീതദിനം, ലോകപുകയില വിരുദ്ധദിനം, രാമായണ മാസാചരണം, ഗുരുപൂർണിമ, സ്വാതന്ത്ര്യദിനം, സംസ്കൃതദിനം, അധ്യാപകദിനം, ഓണാഘോഷം എന്നിവ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തി.

വിദ്യ ഇന്റർനാഷണൽ അക്കാദമി ഓഫ് സയൻസുമായി സഹകരിച്ച് ഡെവലപ് എ ഹെൽത്ത് ചാമ്പ്യൻ എന്ന വിഷയത്തെ ആസ്പദമാക്കി എസ് പി ഉണ്ണിരാജൻ അവർകൾ വിദ്യാർത്ഥികൾക്ക് ഓൺലൈനിലൂടെ ക്ലാസ് എടുക്കുകയുണ്ടായി. ഭീമജ്വല്ലേഴ്സ് നടത്തിയ മാവേലി പ്രച്ഛന്ന മത്സരത്തിൽ മൂന്നാം ക്ലാസ് വിദ്യാർത്ഥി അഭിനന്ദ് സ്വർണ മെഡൽ കരസ്ഥമാക്കി. ഓൺലൈനിലൂടെ സംഘടിപ്പിച്ച ആർട്സ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ഐഡിയ സ്റ്റാർ സിംഗർ ഫെയിം ശ്രീ സന്നിധാനന്ദൻ അവർകൾ നിർവ്വഹിച്ചു. രക്ഷിതാക്കൾക്ക് വേണ്ടി ഭഗവദ്ഗീത ക്ലാസ് ഓൺലൈനിലൂടെ നടത്തി. കൂടാതെ കെജിയിലെ രക്ഷാകർത്താക്കൾക്ക് വേണ്ടി സോപാനം ക്ലാസും നടത്തുകയുണ്ടായി.

അഹല്യ ഫൗണ്ടേഷൻ ഡയറക്ടർ ശ്രീ ജയനാരായണൻ, സീനിയർ അഗ്രികൾച്ചർ ഡയറക്ടർ ശ്രീ എ ജി ശിവദാസ്, എഴുത്തുകാരി ശ്രീമതി എ ജി ഉമാദേവി, തൃശ്ശൂർ ജില്ല യോഗഅസ്സോസിയേഷൻ ജില്ലാ സെക്രട്ടറി ശ്രീ ബാലകൃഷ്ണൻ പള്ളത്ത്, സ്കൂൾ ഓഫ് മ്യൂസിക് പ്രിൻസിപ്പാളും ഗിന്നസ് വേൾഡ് റെക്കോർഡ് ജേതാവുമായ ശ്രീ കെ കെ രാജൻ മാസ്റ്റർ, പുറനാട്ടുകര ശ്രീരാമകൃഷ്ണ സ്കൂൾ സംഗീത അധ്യാപകൻ ശ്രീ വാസുദേവൻ നമ്പൂതിരി, തൃശ്ശൂർ

ജില്ല എക്സൈസ് ഡിപ്പാർട്ട്മെന്റ് പ്രിവന്റീവ് ഓഫീസർ ശ്രീ രാധാകൃഷ്ണൻ, തൃശ്ശൂർ സിറ്റി ഷാഡോപൊലീസ് സബ്ഇൻസ്പെക്ടർ ശ്രീമതി സുവർദ്ധന കുമാരി, ചലച്ചിത്രതാരം സ്വാതി സുനിൽകുമാർ, ഡോ.കെ. അരവിന്ദാക്ഷൻ, കാലടി ആദിശങ്കര യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ശ്രീലക്ഷ്മി എന്നീ വ്യക്തിത്വങ്ങൾ വിദ്യാലയത്തിൽ നടന്ന വിവിധ ഓൺലൈൻ പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി.

**മാനേജർ** | **പ്രിൻസിപ്പാൾ**
**തിലകൻ അയ്യഞ്ചിറ** | **പി.കെ.സുബ്രൻ**

## ജനത യു.പി.സ്കൂൾ, വരന്തരപ്പിള്ളി

**ഫോൺ 0480 2763858**
**Email:jupskulvarandarappilly@gmail.com**

ട്രസ്റ്റിന്റെ നാലാമത് സ്ഥാപനമായ ജനത സ്കൂളിൽ 5,6,7 ക്ലാസ്സുകളിൽ ഇംഗ്ലീഷ്-മലയാളം മീഡിയങ്ങളിലായി 136 കുട്ടികൾ പഠിക്കുന്നു. 7 അധ്യാപകരും ഒരു അനധ്യാപക ജീവനക്കാരനുമാണ് സ്ഥാപനത്തിൽ ഉള്ളത്.

2021-22 അക്കാദമിക് വർഷം കോവിഡ് മഹാമാരി ഉയർത്തിയ വെല്ലുവിളി മറികടന്ന്, അനുഭവങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കുട്ടികൾക്ക് ഓൺലൈൻ ആയി മികച്ച പഠനാനുഭവം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മൊബൈൽ ഫോൺ തുടങ്ങിയ പഠനോപകരണങ്ങളുടെ അഭാവത്തിൽ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് സ്പോൺസർഷിപ്പിലൂടെ അവ ലഭ്യമാക്കാൻ കഴിഞ്ഞു. KITE ലഭ്യമാക്കിയ ഡിജിറ്റൽ പഠനോപകരണങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിനുവേണ്ടി അധ്യാപകർക്ക് പരിശീലനം ലഭ്യമാക്കി. ഓൺലൈൻ ക്ലാസുകൾ അനുഭവാധിഷ്ഠിതമായി നൽകുന്നതിന് മൾട്ടിമീഡിയയുടെ ഉപയോഗം കാര്യക്ഷമമാക്കാൻ ഇത് സഹായകമായി. പുതിയ അധ്യയന സാഹചര്യങ്ങളിൽ കുട്ടികൾക്കാവശ്യമായ ശാരീരിക-മാനസിക പിന്തുണ ഉറപ്പാക്കുന്നതിന് രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസുകളും ഓൺലൈനായി സംഘടിപ്പിച്ചു. ഓൺലൈൻ സുരക്ഷ, ആരോഗ്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു ബോധവത്ക്കരണ ക്ലാസുകൾ എടുത്തത്.

അന്താരാഷ്ട്ര പരിസ്ഥിതി ദിനം, വായനാദിനം എന്നിവ ആചരിച്ചു. ജൈവ വൈവിധ്യം എന്ന പ്രമേയത്തെ ആസ്പദമാക്കിക്കൊണ്ട് ആത്മകഥ, ചിത്രശേഖരണം എന്നീ പ്രവർത്തനങ്ങൾ നടത്തി. വായനയുടെ പ്രാധാന്യം കുട്ടികളിലും സമൂഹത്തിലും എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഓൺലൈനായി ആസ്വാദനക്കുറിപ്പ്, വായനാമത്സരം മുതലായ മത്സരങ്ങൾ സംഘടിപ്പിച്ചു. ജൂലായ് 21 ന് വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ചന്ദ്രദിന പ്രശ്നോത്തരി നടത്തി. പ്രച്ഛന്നവേഷം, റോക്കറ്റ് മാതൃക നിർമ്മിക്കൽ എന്നീ പ്രവർത്തനങ്ങളും ഇതോടനുബന്ധിച്ച് നടത്തി. ഓഗസ്റ്റ് 15 ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സ്വാതന്ത്ര്യദിനാഘോഷം നടത്തി. സെപ്തംബർ 14 ന് ഹിന്ദി ദിനവും ഒക്ടോബർ 2 ന് ഗാന്ധിജയന്തിയും ആഘോഷിക്കുകയുണ്ടായി.

കേരളപ്പിറവി ദിനത്തിൽ പുരുഷകേസരി, മലയാളി മങ്ക മത്സരങ്ങൾ സംഘടിപ്പിച്ചു. 5, 6, 7 ക്ലാസുകളിലെ കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് വേണ്ടി ലാബ്@ഹോം എന്ന പദ്ധതി നടപ്പിലാക്കി. സമഗ്ര ശിക്ഷ കേരളയുടെ ആഭിമുഖ്യത്തിൽ സ്കൂളിലെ എല്ലാ കുട്ടികൾക്കും വീട്ടിൽ പരീക്ഷണശാല തയ്യാറാക്കുന്നതിന് ആവശ്യമായ സാമഗ്രികൾ വിതരണം ചെയ്തു. ശാസ്ത്രവിഷയങ്ങൾ അനുഭവാധിഷ്ഠിതമായി പഠിക്കുക എന്ന ലക്ഷ്യത്തെ പൂർത്തീകരിക്കുന്നതിന് വീട്ടിലൊരു പരീക്ഷണശാല എന്ന ഈ പദ്ധതി വളരെ സഹായകമായി. ഇംഗ്ലീഷ്ഭാഷ പഠന മികവിന് വേണ്ടി ഹലോ വേൾഡ് പ്രവർത്തന പരിപാടിയും നടപ്പിലാക്കി. കുട്ടികളുടെ ചുറ്റുപാടുമായി സംവദിച്ചുകൊണ്ട് ഭാഷ സ്വായത്തമാക്കുക എന്നതാണ് ഹലോ വേൾഡ് പ്രവർത്തനത്തിന്റെ സവിശേഷത.

കോവിഡ് കാലത്ത് വിദ്യാലയങ്ങൾ നടത്തിയ നൂതനമായ ഓൺലൈൻ ഇടപെടലിന് തൃശ്ശൂർ ജില്ലയിലെ മികച്ച പ്രവർത്തനത്തിന് ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം വിദ്യാലയത്തിലെ അധ്യാപകനായ രൂപേഷ് മാസ്റ്ററുടെ funtime learning തിരഞ്ഞെടുത്തു. അഭൂതപൂർവ്വമായ വെല്ലുവിളികൾ നേരിട്ട ഒരു അക്കാദമിക് വർഷമായിരുന്നു എങ്കിലും സമയോചിതവും ദൃഢനിശ്ചയത്തോടുകൂടിയുള്ളതും ആയ ഇടപെടൽ കാരണം നമ്മുടെ വിദ്യാലയത്തിന് വിഷമകരമായ പരിതസ്ഥിതികളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ സാധിച്ചു. ഇതിൽ സാങ്കേതികവിദ്യയും സാമൂ

ഹിക പിന്തുണയും മാത്രമല്ല മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് അനുരൂപീകരണത്തിന് തയ്യാറാവുന്ന അധ്യാപകരുടെ മനോഭാവവും പ്രധാനപ്പെട്ട പങ്കുവഹിച്ചു.

**മാനേജർ**
**കെ. ആർ. ദിനേശൻ**

**ഹെഡ്മിസ്ട്രസ്സ്**
**കെ. രജനി**

## ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, തുമ്പൂർ

ഫോൺ : 0480 2788858
**Email: harisreevidyanikethan@yahoo.com**

വിവേകാനന്ദ ട്രസ്റ്റിന്റെ ആറാമത് സ്ഥാപനമായി പ്രവർത്തനമാരംഭിച്ച ഹരിശ്രീ വിദ്യാനികേതൻ 13 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. വിദ്യാലയത്തിൽ 253 വിദ്യാർത്ഥികളും 20 അധ്യാപകഅനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. കുട്ടികളുടെ സമഗ്രവികസനത്തിനായി സിബിഎസ്ഇ പാഠ്യപദ്ധതി പിന്തുടരുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ട് ഭാരതീയ വിദ്യാനികേതന്റെ പഞ്ചാംഗശിക്ഷണത്തിലൂടെ കുട്ടികളുടെ വ്യക്തിത്വവികസനവും ചതുർഭാഷ പഠനവും ഉറപ്പുവരുത്തുന്നു. വിദ്യാലയത്തിന് കഴിഞ്ഞ വർഷം സിബിഎസ്ഇ അഫിലിയേഷനുവേണ്ടിയുള്ള കേരള ഗവൺമെന്റിന്റെ എൻഒസി ലഭിച്ചു എന്നത് ഏറെ അഭിമാനകരമായ നേട്ടമാണ്. കൂടാതെ കേരള ഗവൺമെന്റിന്റെ Recognition Certificate ഉം ലഭിച്ചു.

അപ്രതീക്ഷിതമായി വന്ന കോവിഡ് സാഹചര്യത്തിൽ രക്ഷിതാക്കളെയും അധ്യാപകരെയും വിദ്യാർത്ഥികളെയും ഏകോപിപ്പിച്ച് ചിട്ടയായ സമയക്രമത്തിലൂടെയും മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും നിരീക്ഷണത്തിലൂടെയും ഗൂഗിൾ ക്ലാസ്റൂം ഉപയോഗിച്ച് പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾ ഓൺലൈൻ ആയി വളരെ നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ഓൺലൈൻ ക്ലാസുകൾ സംവേദനാത്മകവും രസകരവുമാക്കുന്നതിനും ഓരോ കുട്ടിക്കും വ്യക്തിഗത ശ്രദ്ധ നൽകുന്നതിനും എക്സട്രാ മാർക്ക്, കഹൂട്ട്, നിയർപോഡ്, വെർച്ച്വൽ ലാബ് തുടങ്ങിയ ടെക്നോളജികളും വ്യത്യസ്തങ്ങളായ പഠനരീതികളും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

എന്റെ ഗ്രാമം സ്വാസ്ഥ്യ ഗ്രാമം എന്ന പ്രൊജക്ടിന്റെ ഭാഗമായി Healthy Mind Counselling Centre ന്റെ സഹകരണത്തോടെ യോഗപരിശീലനവും, ലൈഫ് സ്കിൽ ക്ലാസുകളും, Exciting Exam എന്ന ക്ലാസും, തൊഴിലധിഷ്ഠിത ക്ലാസുകളും, ആരോഗ്യ ബോധവത്ക്കരണ ക്ലാസുകളും നടത്തിവരുന്നു. വായനാദിനം, പരിസ്ഥിതിദിനം, പാർലമെന്ററി ഇലക്ഷൻ, Investiture Ceremony, ഗുരുപൂജ, ഓണം, ശാസ്ത്രമേള, അഖണ്ഡഭാരത ദിനം, സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, രാമായണ മാസാചരണം, ഗാന്ധിജയന്തി, ചിൽഡ്രൻസ് ഡേ, യൂണിറ്റി ഡേ, വിമൻസ്ഡേ, വയോജനദിനം, ആർട്സ് ഡേ, കേരളപ്പിറവി, രക്ഷാകർതൃദിനം, കിഡ്സ് ഡേ, റിപ്പബ്ലിക് ഡേ തുടങ്ങിയവ ഭംഗിയായി ഓൺലൈൻ ആയി ആഘോഷിച്ചു. മൂന്ന് വയസിനും അഞ്ചു വയസിനും ഇടയിലുള്ള കൊച്ചുകുട്ടികൾക്കായി മഴവില്ല് എന്ന പ്രോഗ്രാം നടത്തി. ശിശുവാടിക ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി രാമായണകഥാപാത്ര പരിചയം, ഫ്രൂഡ്സ് ഡേ, കളർ ഡേ, വെജറ്റബിൾ ഡേ തുടങ്ങിയ പ്രത്യേക പരിപാടികളും രക്ഷകർത്താക്കൾക്ക് സോപാനം ക്ലാസുകളും ഓൺലൈൻ വഴി നടത്തി.

അധ്യാപകർ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ച് വിദ്യാർത്ഥികളുടെ ചുറ്റുപാടുകളും വീട്ടിലെ അന്തരീക്ഷവും മനസിലാക്കി അവർക്കുവേണ്ടതായ എല്ലാവിധ പിന്തുണയും നൽകി വരുന്നു. ഏത് വെല്ലുവിളികളേയും നേരിടാൻ വിദ്യാർത്ഥികൾക്ക് പല വിഷയങ്ങളിലും ബോധവത്ക്കരണ ക്ലാസുകൾ നൽകി വരുന്നു. രക്ഷിതാക്കൾക്കുവേണ്ടി ഓൺലൈൻ യോഗപ്രോഗ്രാം, പോസിറ്റീവ് പാരന്റിംഗ്, ന്യൂട്രീഷ്യസ് അവയർനെസ് തുടങ്ങി പല ക്ലാസുകളും നടത്തിവരുന്നു.

**മാനേജർ**
**പ്രദീപ് വർമ്മ**

**പ്രിൻസിപ്പാൾ**
**ബിന്ദു സോമൻ**

## FORM NO. 10 B

(See rule 17B)

## AUDIT REPORT UNDER SECTION 12A (b) OF THE INCOME TAX ACT 1961. IN THE CASE OF CHARITABLE OR RELIGIOUS TRUSTS OR INSTITUTIONS.

We have examined the Balance sheet of VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST, AAATV4968J as at 31/03/2021 and the Profit and loss account for the year ended on that date which are in agreement with the books of accounts maintained by the said Trust.

We have obtained all the information and explanations, which to the best of our knowledge and belief were necessary for the purposes of audit. In our opinion, proper books of account have been kept by the Head office and the branches of the above named Trust visited by us so far as appears from our examination of the books, and proper Returns adequate for the purpose of audit have been received from branches not visited by us, subject to the comments given below.

In our opinion and to the best of our information, and according to information given to us, the said accounts give a true and fair view-

(i) In the case of the Balance sheet, of the state of affairs of the above named Trust as at 31st March 2021 and

(ii) In the case of profit and loss account, of the profit or loss of its accounting year ending on 31st March 2021.

**THRISSUR**
**31/12/2021**

| | |
|---|---|
| **Name** | **SURESH T A** |
| **Membership Number** | **205949** |
| **FRN (Firm Registration Number)** | **009612S** |
| **Address** | **MANNATH LANE, THRISSUR** |

VIVEKANANDA EDUCATIONAL AND CULTURAL CHARITABLE TRUST , KODAKARA

## CONSOLIDATED BALANCE SHEET AS ON 31.03.2021

| CAPITAL £ LIABILITIES | 31.03.2021 | 31.03.2020 |
|---|---|---|
| Capital Account | 230,88,056.75 | 230,33,056.75 |
| Reserve & Surplus | 67,09,120.99 | 197,16,447.31 |
| Government Grant | 1,33,364.00 | 24,00,000.00 |
| Secured loan | 190,03,876.76 | 185,87,859.85 |
| Un secured loan | 47,58,884.00 | 46,94,036.00 |
| Deposits | 14,86,679.00 | 15,82,179.00 |
| Current liabilities | 166,40,075.75 | 110,09,277.55 |
| **Total Rs** | **718,20,057.25** | **810,22,856.46** |
| **PROPERTIES & ASSETS** | **31.03.2021** | **31.03.2020** |
| Fixed assets | 696,07,789.34 | 782,86,652.86 |
| Deposits | 7,96,701.69 | 7,47,689.69 |
| Current assets & Loans & advances | | |
| A. Current assets | 11,61,749.22 | 18,44,654.91 |
| B. Loans & advances | 2,53,817.00 | 1,43,859.00 |
| **Total Rs** | **718,20,057.25** | **810,22,856.46** |

CHAIRMAN SECRETARY TREASURER

For SURESH NAIR AND ASSOCIATES

CHARTERED ACCOUNTANTS

SURESH T. A. FCA, DISA (ICAI)

(PARTNER)

(M.No.205949 FRN. :009612S)

THRISSUR

31/12/2021

**VIVEKANANDA EDUCATIONAL & CULTURAL CHARITABLE TRUST, KODAKARA**
**CONSOLIDATED INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED ON 31.03.2021**

| | EXPENDITURE | AMOUNT | | INCOME | AMOUNT |
|---|---|---|---|---|---|
| To | Opening stock | 115,399.00 | By | Admission Fees | 6,56,500.00 |
| " | Advertisement | 13,950.00 | " | Application Fee | 36,300.00 |
| " | AMC | 21,460.00 | " | Bank Interest | 59,403.27 |
| " | Bank Charges | 20,350.54 | " | Digital Education Fee | 7,19,763.00 |
| " | Bike Expense | 9,771.00 | " | Donation | 11,39,900.00 |
| " | Building Insurance | 19,200.00 | " | Communicative English Fee | 21,400.00 |
| " | Building & Land Tax | 30,077.00 | " | Grant | 4,31,288.70 |
| " | CBSE Affiliation Renewal | 25,735.00 | " | Loss of Pay | 13,034.00 |
| " | Lab Consumables | 100,000.00 | " | Mess fee | 56,000.00 |
| " | Computer Expense | 86,229.00 | " | Other Income | 9,896.05 |
| " | Coolie & daily wages | 65,750.00 | " | Special Fee | 1,04,73,309.00 |
| " | Copier Expense | 11,466.00 | " | Text book | 21,43,689.00 |
| " | Digital Education Fee | 93,525.00 | " | Tuition Fee | 2,94,74,539.28 |
| " | Donation | 10,000.00 | " | Vidhya Suraksha Nidhi | 8,23,757.80 |
| " | Electrical Maintenance | 29,073.00 | " | Vehicle Fee | 9,12,960.00 |
| " | Electricity Charges | 2,80,356.00 | " | Welfare Fund | 1,59,750.00 |
| " | ESI & PF | 51,98,443.00 | " | Closing stock | 1,69,475.00 |
| " | Extra Curricular Expense | 11,000.00 | | (As valued & Certified | |
| " | Food Expenses-Hostel | 19,461.00 | | by the secretary) | |
| " | Fire & Safety expense | 6,925.00 | | | |
| " | Filing Charge | 14,500.00 | | | |
| " | Fees Concession & Discount | 29,57,741.00 | | | |
| " | Gratuity | 7,73,000.00 | | | |
| " | Garden expense | 42,290.00 | | | |
| " | Generator expense | 21,282.00 | | | |
| " | Loan Interest & Charges | 20,30,095.66 | | | |
| " | Internet Expense | 73,146.00 | | | |
| " | ISO Expense | 12,500.00 | | | |
| " | Lab Expense | 24,618.00 | | | |
| " | Medical Expense | 1,120.00 | | | |
| " | Meeting Expense | 16,240.00 | | | |
| " | Miscellaneous Expense | 36,595.00 | | | |
| " | Neet Exam Expense | 21,833.00 | | | |
| " | News paper & Periodicals | 13,375.00 | | | |
| " | NIOS Affiliation Expense | 33,064.00 | | | |
| " | Onam Allowance | 3,54,000.00 | | | |
| " | Other Programme Expense | 48,446.00 | | | |
| " | Plumbing Expense | 2,250.00 | | | |
| " | Postage | 4,786.00 | | | |
| " | Printing & Stationery | 2,83,189.00 | | | |
| " | Painting Expense | 36,462.00 | | | |
| " | Playschool Expense | 32,130.00 | | | |
| " | Rent | 91,500.00 | | | |

| EXPENDITURE | AMOUNT | INCOME | AMOUNT |
|---|---|---|---|
| " Repairs & Maintenance | 1,79,197.00 | | |
| " Salary & Allowance | 3,35,05,828.00 | | |
| " Software Expense | 21,100.00 | | |
| " Sports & Games Expense | 500.00 | | |
| " Staff Welfare Expense | 1,43,635.00 | | |
| " Telephone Charge | 33,734.00 | | |
| " Text Book | 20,38,955.00 | | |
| " Travelling Expense | 64,913.00 | | |
| " TDS Interest | 302.00 | | |
| " TV Expense | 8,500.00 | | |
| " Audit fee | 47,600.00 | | |
| " Vehicle Expense | 26,94,022.00 | | |
| " Vehicle Hiring | 2,05,479.00 | | |
| " Water Charges | 36,000.00 | | |
| " Workshop Expense (ATL) | 1,07,467.00 | | |
| " Website Expense | 7,000.00 | " Excess of Expenditure over income | 130,07,326.32 |
| " Depreciation | 81,21,726.22 | | |
| **Total Rs.** | **6,03,08,291.42** | **Total Rs.** | **6,03,08,291.42** |

**CHAIRMAN** **SECRETARY** **TREASURER**

**For SURESH NAIR AND ASSOCIATES**

**CHARTERED ACCOUNTANTS**

**SURESH T. A. FCA, DISA (ICAI)**
**(PARTNER)**

**(M.No.205949 FRN. :009612S)**

**THRISSUR**

**31/12/2021**



# യോഗ ഗവേഷണ പഠനത്തിന് അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ച ട്രസ്റ്റിന്റെ സ്ഥാപക ഡയറക്ടറായിരുന്ന ഡോ. എ രാധാകൃഷ്ണൻ അവർകൾക്ക് ട്രസ്റ്റിന്റെ അഭിനന്ദനം.



കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള സാമഗ്രികൾ ട്രസ്റ്റ് സെക്രട്ടറി ശ്രീ. ടി സി സേതുമാധവൻ അവർകൾ സേവാഭാരതിക്ക് നൽകുന്നു.



കേരള ടെക്നിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ സംസ്ഥാന തലത്തിൽ ഒന്നാം റാങ്ക് നേടിയ സരസ്വതി വിദ്യാനികേതനിലെ പൂർവ്വ വിദ്യാർത്ഥിയായ എൻ എസ് രാമനാഥനെ അനുമോദിക്കുന്നു.



കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എ. പൊളിറ്റിക്കൽ സയൻസിൽ രണ്ടാം റാങ്ക് നേടിയ ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ പൂർവ്വ വിദ്യാർത്ഥി വന്ദന ഗോപിയെ അനുമോദിക്കുന്നു.




പേരാമ്പ്ര സരസ്വതി വിദ്യാനികേതനിലെ നവീകരിച്ച ക്രിക്കറ്റ് ഗ്രൗണ്ടിന്റെ ഉദ്ഘാടനം മുൻഇന്ത്യൻ ക്രിക്കറ്റ് താരങ്ങളായ ശ്രീശാന്തും, ടിനു യോഹന്നാനും ചേർന്ന് നിർവ്വഹിക്കുന്നു.



കേന്ദ്ര ഗവൺമെന്റ് ശ്രീരാമകൃഷ്ണ വിദ്യാനികേതന് അനുവദിച്ച അടൽ ടിങ്കറിംഗ് ലാബ്



സാങ്കേതിക സർവ്വകലാശാല പ്രൊഡക്ഷൻ എഞ്ചിനീയറിംഗിൽ മൂന്നാം റാങ്ക് ലഭിച്ച ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ പൂർവ്വ വിദ്യാർത്ഥി കെ ടി മേഘശ്രീയെ അനു മോദിക്കുന്നു.



എംജി യൂണിവേഴ്സിറ്റിയിൽ നിന്ന് ബിഎസ്സി എൻവിരോൺമെന്റൽ സയൻസിൽഅഞ്ചാം റാങ്ക് ലഭിച്ച ശ്രീരാമകൃഷ്ണ വിദ്യാനികേതനിലെ പൂർവ്വ വിദ്യാർത്ഥി ഐശ്വര്യപ്രകാശിനെ അനുമോദിക്കുന്നു.



വരന്തരപ്പിള്ളി വിവേകാനന്ദ വിദ്യാനികേതനിൽ ഓൺലൈനിലൂടെ നടന്ന മാതൃപൂജ

# ഡയറക്ടർ ബോർഡ്



പി. ഇ. ബി. മേനോൻ
രക്ഷാധികാരി



പി.എസ്. ശ്രീരാമൻ
രക്ഷാധികാരി. 9447121513



എൻ.പി. മുരളി
ചെയർമാൻ
9142920765



ടി.സി. സേതുമാധവൻ
സെക്രട്ടറി
9447021107



കെ.എസ്. സുരേഷ്
ട്രഷറർ
9447044512



ഡോ. ഡി. പ്രഭാകരൻ നായർ
വൈസ്ചെയർമാൻ
9745048894




ശ്രീ. തിലകൻ അയ്യഞ്ചിറ
ജോയന്റ് സെക്രട്ടറി
9745866687



വി. വി. രാജേഷ്
ജോയന്റ് സെക്രട്ടറി
9846086651



എം വേണുമാസ്റ്റർ
ഭാവിനി പ്രതിനിധി
9447870705



എൻ. പി. ശിവൻ
എക്സി. ഡയറക്ടർ
9447021281



എ. ജി. ബാബു
എക്സി. ഡയറക്ടർ
9895704717



പി. പി. രാധാകൃഷ്ണൻ
ഡയറക്ടർ
9447728921



എം. പി. നന്ദകുമാർ
ഡയറക്ടർ
9846870123



കെ. ആർ. ദിനേശൻ
ഡയറക്ടർ
9447038470



എം കൃഷ്ണകുമാർ
ഡയറക്ടർ
9447834109



എം.വി. വിനോദ്
പ്രത്യേക ക്ഷണിതാവ്
7736067418



സരസ്വതി വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, പോട്ട



ശ്രീരാമകൃഷ്ണ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, നന്തിക്കര



വിവേകാനന്ദ വിദ്യാനികേതൻ സെൻട്രൽ സ്കൂൾ, വരന്തരപ്പിള്ളി




ജനത യു പി സ്കൂൾ, വരന്തരപ്പിള്ളി



ഹരിശ്രീ വിദ്യാനികേതൻ പബ്ലിക് സ്കൂൾ, തൃശൂർ



സ്വാമി വിവേകാനന്ദ ഹോസ്റ്റൽ, പോട്ട